# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1347 — 03.12.2015 ൽ മറുപടിയ്ക്ക്

### പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ അനുവദിച്ച ഏതെങ്കിലും പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ് സ്വകാര്യ വ്യക്തികൾക്കോ മറ്റ് പൊതു മേഖല കമ്പനികൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം അത്തരത്തിൽ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താൽക്കാലികമായി ഏൽപ്പിച്ചിരുന്ന 2 പെട്രോൾ പമ്പുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് തന്നെ തിരിച്ചെടുത്തിട്ടുണ്ട്. സപ്ലൈകോ നേരിട്ട് ടി പമ്പുകൾ കൈമാറിയിട്ടില്ല. |
| (ബി) കൈമാറിയതിനുള്ള വ്യവസ്ഥകൾ എന്തായിരുന്നു ; വിശദമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) ഉപഭോക്താക്കൾക്ക് നൽകേണ്ട സൗജന്യ സേവനങ്ങൾ പ്രസ്തുത പമ്പുകളിൽ ലഭ്യമാണോ എന്ന് പരിശോധിക്കാൻ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (സി) സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക് സപ്ലൈ ആഫീസർ മുതലുള്ള ഉയർന്ന ആഫീസർമാർക്ക് 1955 ലെ അവശ്യസാധന നിയമം, 1998 ലെ മോട്ടോർ സ്പിരിറ്റ് ആന്റ് ഹൈ സ്പീഡ് ഡീസൽ ഉത്തരവുകൾ പ്രകാരം പെട്രോൾ പമ്പുകളിൽ പരിശോധന നടത്താൻ കഴിയും. പരിശോധനാ സമയത്ത്, പമ്പുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ ലഭ്യമല്ല എന്ന് കാണുകയാണെങ്കിൽ ടി വിവരം ഓയിൽ കമ്പനിയെ അറിയിച്ച്, സൗജന്യ സേവനങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാറുണ്ട്. പമ്പുകളിൽ നിന്ന് ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ സംബന്ധിച്ച് ഓയിൽ കമ്പനികളുടെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈനിലാണ് പരാമർശിച്ചിട്ടുള്ളത്. |
| (ഡി) സിവിൽ സപ്ലൈസ് പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് സ്വന്തം വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) സപ്ലൈകോ പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. പമ്പുകളിലേക്ക് ഇന്ധനം എത്തിച്ചുതരുന്നത് ഓയിൽ കമ്പനികളുടെ ചുമതലയാണ്. |

Beena

സെക്ഷൻ ഓഫീസർ